# ലക്ഷ്യബോധമുളളവരും ശുശ്രൂഷകരുമായിരിക്കണം നേതാക്കൾ : മാർ സെറാഫിം

കോട്ടയം : ലക്ഷ്യബോധമുളളവരും ശുശ്രൂഷകരുമായിരിക്കണം നേതാക്കൾ എന്നും നേതൃത്വത്തിൽ വരുന്നവർ ക്രിസ്തുവിന്റെ ശൈലി സ്വീകരിച്ച് ശുശ്രൂഷ ചെയ്യുവാൻ സന്നദ്ധരാകണമെന്നും ജനങ്ങളുടെ പ്രയാസങ്ങൾ കണ്ടറിഞ്ഞ് സഹായിക്കുന്നവരാകണമെന്നും ബാംഗ്ലൂർ ഭദ്രാസനാധിപൻ അഭി.ഡോ.എബ്രഹാം മാർ സെറാഫിം മെത്രാപ്പോലീത്ത ഉദ്ബോധിപ്പിച്ചു. മലങ്കര ഓർത്തഡോക്സ് സുറിയാനി സഭയുടെ അഖില മലങ്കര ബാലസമാജം ദക്ഷിണ മേഖല നേതൃത്വ പരിശീലന ക്യാമ്പ് നിലയ്ക്കൽ ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിൽ കാട്ടൂർ സെന്റ് മേരീസ് വലിയപളളിയിൽ ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അഭിവന്ദ്യ തിരുമേനി. അഖില മലങ്കര ബാലസമാജം പ്രസിഡന്റ് അഭി.ഡോ.ജോഷ്വാ മാർ നിക്കോദീമോസ് മെത്രാപ്പോലീത്ത അദ്ധ്യക്ഷത വഹിച്ചു. ''ബാലസമാജത്തിന്റെ സ്വാധീനം എന്നിൽ'' എന്ന വിഷയത്തിൽ ഡീക്കൻ ജിത്തു തോമസ്, ജെഫിൻ വർഗീസ്, ആഷ്ന അന്ന വർഗീസ് എന്നിവർ പ്രഭാഷണം നടത്തി. ദക്ഷിണ മേഖലയിൽപ്പെടുന്ന തിരുവനന്തപുരം, കൊല്ലം, കൊട്ടാരക്കര-പുനലൂർ, അടൂർ-കടമ്പനാട്, തുമ്പമൺ, നിലയ്ക്കൽ, ചെങ്ങന്നൂർ, മാവേലിക്കര, നിരണം എന്നീ ഭദ്രാസനങ്ങളിൽ നിന്നുള്ള വൈസ് പ്രസിഡന്റുമാർ, ജനറൽ സെക്രട്ടറിമാർ, ജോയിന്റ് സെക്രട്ടറിമാർ, ഡിസ്ട്രിക്ട് ഓർഗനൈസർമാർ എന്നിവർ പങ്കെടുത്തു. ഈ ഭദ്രാസനങ്ങളിലെ സെക്രട്ടറിമാർ റിപ്പോർട്ട് അവതരിപ്പിച്ചു. നിലയ്ക്കൽ ഭദ്രാസന സെക്രട്ടറി റവ.ഫാ.ഷൈജു കുര്യൻ, റവ.ഫാ.ജെയിംസ് മർക്കോസ്, റവ.ഫാ.ഗീവർഗീസ് പൊന്നോല, റവ.ഫാ.കെ.എ.ചെറിയാൻ, ശ്രീ.ജേക്കബ് തോമസ്, ശ്രീമതി ആനി ജോൺ, ശ്രീ.ഷൈജു ജോൺ, ശ്രീ.എം.എ. മത്തായിക്കുട്ടി തുടങ്ങിയവർ പ്രസംഗിച്ചു. അഡ്വ.ജെയ്സി കരിങ്ങാട്ടിൽ ക്ലാസ്സ് നയിച്ചു. ഉത്തര മേഖല നേതൃത്വ പരിശീലന ക്യാമ്പ് മെയ് 21-ന് ശനിയാഴ്ച 9.30 മുതൽ 3 മണി വരെ അങ്കമാലി ഭദ്രാസനാസ്ഥാനമായ ആലുവ തൃക്കുന്നത്ത് സെമിനാരിയിൽ വച്ച് നടക്കും.